നം: 3032/2022/ഡി.പി.എം.എസ്.യു-എം.എൽ.പി.എം- തീയ്യതി- **2.08.2022**

**ആരോഗ്യകേരളം മലപ്പുറം, ലബോറട്ടറി സാമ്പിൾ ട്രാൻസ്പോർട്ടേഷൻ ആവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ**

ആരോഗ്യകേരളം മലപ്പുറം ജില്ലാ പ്രോഗ്രാം ഒഫീസ് വഴി നടപ്പിലാക്കുന്ന ലബോറട്ടറി സാമ്പിൾ കളക്ഷൻ പ്രോഗ്രാമിനായി ജില്ലയിലെ 15 ഹെൽത്ത് ബ്ലോക്കുകളിൽ നിന്നും ലബോറട്ടറി സാമ്പിളുകൾ ഹബ്ബ് ലാബുകലിലേക്ക് എത്തിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ 2018 ന് മുകളിൽ മോഡലുലുള്ള ടാക്സി വാഹനം (സെഡാൻ മോഡൽ) എണ്ണം-1 കരാർ അടിസ്ഥാനത്തിൽ മാർച്ച് 2023 വരെ ലഭ്യമാക്കുന്നതിന് മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ടെണ്ടർ ഫോറം വിതരണം ചെയ്യുന്ന തിയതി | 05.08.2022 ന് 10 AM മുതൽ |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയതി | 17.02.2022 ന് 2 PM വരെ |
| ടെണ്ടർ തുറക്കുന്ന തിയതി | 17.02.2022 ന് 2.30PM |

<u>നിബന്ധനകൾ:</u>

1. ടെണ്ടർ ഫോറം ഉള്ളടക്കം ചെയ്തിട്ടുള്ള സീൽ ചെയ്ത കവറിനു മുകളിൽ "ലബോറട്ടറി സാമ്പിൾ കളക്ഷൻ പ്രോഗ്രാമിനായി കരാർ വാഹനം ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ" എന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടാതെ ടെണ്ടർ സമർപ്പിക്കുന്ന ആളിന്റെ പേരും മേൽവിലാസവും കവറിന്റെ ഇടതുവശത്ത് രേഖപ്പെടുത്തിയിരി ക്കേണ്ടതാണ്.
2. ടെണ്ടർ ഫോം ഫീസ് 500 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഈ തുക തിരികെ ലഭിക്കുന്നതല്ല.
3. സ്വീകാര്യമായ ടെണ്ടർ പ്രകാരം മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന ലബോറട്ടറി സാമ്പിൾ കളക്ഷൻ പ്രോഗ്രാമിനായി ജില്ലയിൽ 15 ഹെൽത്ത് ബ്ലോക്കുകളിലെ ലാബിൽ നിന്നും സാമ്പിളുകൾ എടുത്ത് ഹബ്ബ് ലാബുകലിലേക്ക് എത്തിക്കുന്നതിനായി ഓടുന്നതിന് സെഡാൻ മോഡൽ വാഹനം കരാർ അടിസ്ഥാനതിൽ ലഭ്യമാക്കുന്നതിന് അനുമതി നൽകുന്നതാണ്.
4. പ്രതിമാസം നൽകേണ്ട പരമാവധി കുറഞ്ഞ തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്. ഈ തുക 50000 രൂപയിൽ കൂടാൻ പാടുള്ളതല്ല. ഏറ്റവും കുറഞ്ഞതുക രേഖപ്പെടുത്തുന്ന വ്യക്തിക്ക്/ സ്ഥാപനത്തിന് കരാർ നൽകുന്നതാണ്.
5. വാഹനം പ്രതിമാസം പരമാവധി ഓടേണ്ടത് 3000 കിലോമീറ്ററാണ് അധിക കിലോമീറ്റർ ഓടേണ്ട മാസങ്ങളിൽ അധിക കിലോമീറ്റർ ഓട്ടത്തിന് കേരള ആർ.ടി.ഓ നിരക്കിലുള്ള തുക നൽകുന്നതാണ്.
6. പദ്ധതിയുമായി ബന്ധപ്പെട്ട് വാഹനത്തിൽ ആവശ്യമായ സ്റ്റിക്കറുകൾ പതിക്കുന്നതിന് വാഹന ഉടമ തയ്യാറാകേണ്ടതാണ്.

AROGYAKERALAM CIVIL STATION, MALAPPURAM-676 505 NATIONAL HEALTH MISSION

7 കരാർ ലഭ്യമായ സ്ഥാപനം/വാഹന ഉടമ ട്ടെണ്ടർ അടങ്കൽ തുകയുടെ തുകയുടെ 1% ഇ.എം.ഡിയായി നൽകേണ്ടതാണ്. ഈ തുക കരാർ കാലാവധി അവസാനിക്കുമ്പോൾ തിരികെ ലഭിക്കുന്നതാണ്.

8 സ്വീകാര്യമായ ടെണ്ടർ സമർപ്പിച്ചയാളെ രേഖാമൂലം വിവരം അറിയിക്കുന്നതാണ്. അപ്രകാരം അറിയിപ്പു ലഭിച്ചു കഴിഞ്ഞാൽ 7 ദിവസത്തിനകം വാഹനം ലഭ്യമാക്കേണ്ടതാണ്

9 ടെണ്ടർ ലഭ്യമായാൽ 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ ആരോഗ്യകേരളം, മലപ്പുറം ജില്ലാ പ്രോഗ്രാം മാനേജറുമായി കരാർ ഒപ്പിടേണ്ടതാണ്.

10 ടെണ്ടറുകൾ നിരസിക്കുന്നതിനും, സ്വീകരിക്കുന്നതിനും ഉള്ള അധികാരം പർച്ചേസ് കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കും.

മലപ്പുറം
04.08.2022

ജില്ലാ പ്രോഗ്രാം മാനേജർ
ആരോഗ്യകേരളം
മലപ്പുറം

AROGYAKERALAM * NATIONAL HEALTH MISSION * CIVIL STATION, MALAPPURAM